(സി) ജില്ലാ വിദഗ്ദ്ധ സമിതികൾ അംഗീകരിക്കുന്ന പദ്ധതികൾ, റവന്യൂ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ലാന്റ് റവന്യൂ കമ്മീഷണർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ലോക്കൽ വർക്ക്സ്) സെന്റ്ര് ഡയറക്ടർ; ലാ സെക്രട്ടറി എന്നിവരടങ്ങുന്ന സ്റ്റേറ്റ് ലവൽ കമ്മിറ്റി പരിശോധിച്ച് ഗവൺമെന്റിലേക്ക് ഭരണാനുമതിക്കായി ശുപാർശ ചെയ്യുന്നു. ആയത് സർക്കാർ അംഗീകരിച്ചതിന് ശേഷമാണ് ഓരോ ജില്ലയിലേയും പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത്.

(ഡി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 19, 19എ, 20, 21, 22(3), 26, 29, 30 എന്നീ ചട്ടങ്ങളിൽ പറയുന്ന മാനദണ്ഡങ്ങളനുസരിച്ചാണ് ഫണ്ട് ചെലവ് ചെയ്യുന്നത്.

സ്കൂൾ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ നടപടി

*7 [493] ശ്രീ. വി. കെ. സി. മമ്മത്കോയ :
ഡോ. തോമസ് ഐസക് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷത്തേക്കുള്ള അഞ്ചാം ക്ളാസിലേയും, ആറാം ക്ളാസിലേയും പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്ന ജോലിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന ജോലികൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(സി) അടുത്ത വർഷത്തെ പാഠപുസ്തക അച്ചടി ഏതൊക്കെ സ്ഥാപനങ്ങളെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പാഠപുസ്തക അച്ചടി സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പാഠപുസ്തകങ്ങൾ സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുൻപുതന്നെ തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) അടുത്ത വർഷം അഞ്ചാം ക്ളാസിലെ പാഠപുസ്തകങ്ങൾക്ക് മാറ്റമില്ല. ആറാം ക്ളാസിലെ ഉപ പാഠപുസ്തകങ്ങൾ ഒഴിച്ചുള്ള പുസ്തകങ്ങൾക്കാണ് അടുത്ത വർഷം മാറ്റമുള്ളത്. 6-ാം ക്ളാസിലെ പ്രധാനപ്പെട്ട 11 ശീർഷകങ്ങൾ അച്ചടിക്കായി നൽകിക്കഴിഞ്ഞു. പരിഭാഷ നിർവഹിക്കുവാനുള്ള 9 പാഠപുസ്തകങ്ങളുടെ പണി

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നു. ഉടൻതന്നെ അച്ചടിക്ക് നൽകുവാൻ കഴിയും. അഞ്ചിലേയും ആറിലെയും പാഠപുസ്തകങ്ങളുടെ അച്ചടി തൃക്കാക്കരയിലുള്ള കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ ധൃതഗതിയിൽ നടന്നുവമുന്നു.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി 2004 സെപ്തംബർ മാസത്തിൽതന്നെ ആരംഭിച്ചു.

(സി) അടുത്ത വർഷത്തെ പാഠപുസ്തക അച്ചടി ചുവടെ ചേർക്കുന്ന സർക്കാർ മേഖലയിലെ പ്രസ്സുകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

1. കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, തൃക്കാക്കര.
2. സർക്കാർ പ്രസ്സുകൾ.
3. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, തിരുവനന്തപുരം.

(ഡി) ഇല്ല.

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പാഠ്യപദ്ധതിയിൽ കൃഷിക്കും കൃഷി രീതികൾക്കും മുൻതൂക്കം നൽകാൻ നടപടി

*8. [494] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ-കോളേജ് പാഠ്യ പദ്ധതിയിൽ കൃഷിക്കും കൃഷി രീതികൾക്കും മുൻതൂക്കം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) നമ്മുടെ യുവതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്ന തരത്തിൽ ബോധവൽക്കരണ പരിപാടികളും ഉപന്യാസ-പ്രസംഗ മത്സരങ്ങളും സംഘടിപ്പിച്ച് മെഡലുകളും പാരിതോഷികങ്ങളും നൽകാൻ സ്കൂൾ-സർവ്വകലാശാല അധികൃതർക്ക് നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) കാർഷിക രാജ്യമായ ഇന്ത്യയിൽ കൃഷിയോടും കൃഷി ആഭിമുഖ്യമുള്ള തൊഴിലിനോടും താല്പര്യം സൃഷ്ടിക്കേണ്ടതാവശ്യമാണ്. സ്കൂൾ തലത്തിൽ പാഠ്യ പദ്ധതി പരിഷ്കരിക്കുമ്പോൾ ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകണമെന്ന് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly